**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3596** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ ഭൂമി തരംമാറ്റൽ പ്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ ഭൂമി തരം മാറ്റൽ പ്രക്രിയയ്ക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; | (എ) | ചാവക്കാട് താലൂക്കിൽ ഗുരുവായൂർ നിയോജക മണ്ഡലത്തിൽ 14 വില്ലേജുകൾ ഉൾപ്പെട്ടുവരുന്നു. പ്രസ്തുത മണ്ഡലത്തിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തരംമാറ്റ അപേക്ഷകളുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | തരം മാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ജില്ലയിൽ വിവിധ അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നു. ജില്ലയിൽ 03.10.2025 തീയതിയിൽ നടത്തിയ അദാലത്തിൽ തൃശ്ശൂർ സബ് കളക്ടറുടെ അധികാര പരിധിയിലുള്ള ചാവക്കാട് താലൂക്കിൽ 25 സെന്റിൽ താഴെയുള്ള ഫാറം 6 അപേക്ഷകളിൽ എൺപത്തിയാറ് ശതമാനം അപേക്ഷകൾ തീർപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | സബ് കളക്ടറെ കൂടാതെ ഡെപ്യൂട്ടി കളക്ടർമാരെ കൂടി ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് 27 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ 51 ഡെപ്യൂട്ടികളക്ടർമാരെ കൂടി നിയോഗിച്ചുകൊണ്ട് 27.06.2024 തീയതിയിലെ സ. ഉ. (അച്ചടി) നം. 140/2024/RD, 28.06.2024 തീയതിയിലെ സ. ഉ. (അച്ചടി) നം. 142/2024/RD എന്നിവ പ്രകാരം ഉത്തരവായിരുന്നു. ഇതിനെത്തുടർന്ന് ഭൂമി തരം മാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷകളും, ഓഫ് ലൈൻ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | വില്ലേജ് | ഫോറം 6 | ഫോറം 7 | ഫോറം 9 |
|---|---|---|---|---|
| 1 | കടപ്പുറം | 7 | 0 | 0 |
| 2 | എടക്കഴിയൂർ | 0 | 1 | 0 |
| 3 | വടക്കേക്കാട് | 31 | 4 | 0 |
| 4 | വൈലത്തൂർ | 5 | 0 | 0 |
| 5 | മണത്തല | 7 | 1 | 0 |
| 6 | ഒരുമനയൂർ | 1 | 1 | 0 |
| 7 | പൂക്കോട് | 0 | 1 | 0 |
| 8 | പേരകം | 0 | 3 | 0 |
| 9 | ഏങ്ങണ്ടിയൂർ | 7 | 2 | 1 |
| 10 | പുന്നയൂർ | 3 | 0 | 0 |
| 11 | പുന്നയൂർക്കുളം | 5 | 0 | 0 |
| 12 | ഗുരുവായൂർ | 3 | 0 | 0 |
| 13 | ഇരിങ്ങപ്പുറം | 16 | 2 | 0 |
| 14 | കടിക്കാട് | 1 | 1 | 0 |
|  | **ആകെ** | **86** | **16** | **1** |